ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.07.2025**

## പ്രധാനവാർത്തകൾ

1. ആക്സിയം-4 ദൗത്യത്തിലെ ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ലയും സംഘവും സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി. ദൗത്യ സംഘത്തെ അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.
2. യെമനിലെ മലയാളി നഴ്സ് നിമിഷപ്രിയയുടെ വധശിക്ഷ നടപ്പാക്കുന്നത് മാറ്റിവച്ചു. സാധ്യമായ എല്ലാ സഹായവും ലഭ്യമാക്കിയതായി കേന്ദ്ര സർക്കാർ.
3. കീം പരീക്ഷാഫലങ്ങളിൽ ഇടപെടാനാകില്ലെന്ന് സുപ്രീംകോടതി. ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിൽ നിലപാട് അറിയിക്കാൻ സംസ്ഥാന സർക്കാരിന് നിർദേശം.
4. കേരളത്തിൻ്റെ ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതിക്ക് കേന്ദ്രസർക്കാരിൻ്റെ അംഗീകാരം.
5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യത. നാളെ 5 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

ശുഭാംശു

RNU TVPM

ആക്സിയം-4 ദൗത്യത്തിലെ ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ലയും മറ്റ് മൂന്ന് യാത്രികരും 18 ദിവസത്തെ ബഹിരാകാശ യാത്രയ്ക്ക് ശേഷം സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി. കാലിഫോർണിയയിലെ സാൻ ഡീഗോ തീരത്ത് പസഫിക് സമുദ്രത്തിൽ ഇന്ന് ഉച്ചയ്ക്ക് ശേഷം സ്പേസ് എക്സ് ഡ്രാഗൺ ബഹിരാകാശ പേടകത്തിൻറെ സ്പ്ലാഷ് ലാൻഡിംഗ് നടന്നു. ഭൂമിയുടെ ഗുരുത്വാകർഷണവുമായി പൊരുത്തപ്പെടുന്നതിനായി നാല് യാത്രികരും ഏഴ് ദിവസത്തെ പുനരധിവാസ പരിപാടിക്ക് വിധേയരാകും. കഴിഞ്ഞ മാസം 25 നാണ് ഫ്ലോറിഡയിൽ നിന്ന് ഫാൽക്കൺ-9 റോക്കറ്റ് വിക്ഷേപിച്ചത്. ഈ യാത്രയോടെ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരൻ, 1984 ൽ ബഹിരാകാശ യാത്ര നടത്തിയ വിംഗ് കമാൻഡർ രാകേഷ് ശർമ്മയ്ക്ക് ശേഷം ബഹിരാകാശയാത്ര നടത്തിയ രണ്ടാമത്തെ ഇന്ത്യൻ യാത്രികൻ എന്നീ നേട്ടങ്ങൾ സ്വന്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി - ജിതേന്ദ്രസിംഗ്**

ബഹിരാകാശദൗത്യം വിജയകരമായി പൂർത്തിയാക്കിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയെയും ദൗത്യ സംഘത്തെയും അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപദി മുർമും പ്രധാനമന്ത്രി നരേന്ദ്ര മോദിയും. രാജ്യത്തിൻറെ ബഹിരാകാശ മേഖലയിൽ പുതിയ നാഴികക്കല്ല് സൃഷ്ടിച്ചതായി രാഷ്ട്രപതി പറഞ്ഞു.

ശുഭൻഷു ശുക്ലയുടെ സമർപ്പണം, ധൈര്യം, എന്നിവ നൂറുകോടിയിലധികം ജനങ്ങളുടെ സ്വപ്നങ്ങൾക്ക് പ്രചോദനം നൽകിയതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയ്ക്ക് അഭിമാന നിമിഷമാണിതെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**നിമിഷപ്രിയ**

യെമനിലെ മലയാളി നഴ്സ് നിമിഷപ്രിയയുടെ വധശിക്ഷ നടപ്പാക്കുന്നത് മാറ്റിവച്ചു. നിമിഷപ്രിയയുടെ കുടുംബത്തിന് എതിർ കക്ഷിയുമായി സംസാരിച്ച് പരിഹാരത്തിലെത്താൻ കൂടുതൽ സമയം തേടുന്നതിന് കേന്ദ്ര സർക്കാർ ശ്രമങ്ങൾ നടത്തിയിരുന്നു. ഇതിൻ്റെ ഫലമായാണ് നാളെ നടപ്പാക്കാനിരുന്ന വധശിക്ഷ മാറ്റിയതെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി. കേസിൻ്റെ തുടക്കം മുതൽ, വിഷയത്തിൽ സാധ്യമായ എല്ലാ സഹായവും കേന്ദ്രം നൽകിയിരുന്നു. ഇന്ത്യൻ ഉദ്യോഗസ്ഥർ യെമൻ ജയിൽ അധികൃതരുമായും പ്രോസിക്യൂട്ടറുടെ ഓഫീസുമായും നിരന്തരം ബന്ധപ്പെട്ടതും, ശിക്ഷ മാറ്റിവയ്ക്കുന്നതിന് കാരണമായതായി കേന്ദ്ര സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

**ഗവർണർ (ഇൻട്രോ)**

നിമിഷ പ്രിയയുടെ വധശിക്ഷ മാറ്റിയതിൽ സന്തോഷമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ആശ്വാസ വാർത്തയ്ക്ക്

RNU TVPM

കാരണം പല തലങ്ങളിൽ നിന്നുള്ള കൂട്ടായ പരിശ്രമമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&&&&

**നിമിഷ പ്രിയ-മുഖ്യമന്ത്രി**

നിമിഷ പ്രിയയുടെ വധശിക്ഷ നടപ്പാക്കുന്നത് നീട്ടിവെച്ച വാർത്ത ആശ്വാസജനകവും പ്രതീക്ഷാനിർഭരവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശിക്ഷാ വിധിയിൽ നിന്ന് മുക്തി നേടാനുള്ള കൂടുതൽ സമയമാണ് ഇതിലൂടെ ലഭിച്ചിരിക്കുന്നതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

**നിപ**

സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരുന്നു. നിലവിൽ
609 പേരാണ് സമ്പർക്കപ്പട്ടികയിലുള്ളത്. അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി, ചെറിയ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇ-സഞ്ജീവനി വഴി ഡോക്ടറുടെ സൗജന്യ സേവനം തേടണമെന്ന് ആരോഗ്യ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**പി. രാജീവ് (ഇൻട്രോ )**

സംസ്ഥാനത്ത് നൈപുണ്യ വികസന - സംരംഭകത്വ സർവ്വകലാശാല ആരംഭിക്കുന്നതിൻറെ സാധ്യതകൾ സർക്കാർ പരിശോധിച്ചു വരികയാണെന്ന് മന്ത്രി പി. രാജീവ്. സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റിൻറെ ഔദ്യോഗിക വെബ്സൈറ്റ് ലോഞ്ചും ആദ്യ രജിസ്ട്രേഷനും കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. (ഹോൾഡ് വോയിസ് ) ചടങ്ങിൽ ലോക യുവജന നൈപുണ്യ ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു നിർവഹിച്ചു.

&&&&&&&&&&&&&&&&&&

**ഡിജിറ്റൽ റവന്യൂ കാർഡ്**

RIJU TVPM

കേരളത്തിൻ്റെ ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതിക്ക് കേന്ദ്രസർക്കാരിൻ്റെ അംഗീകാരം. കേന്ദ്രസർക്കാരിൻ്റെ ഭരണപരിഷ്ക്കരണ വകുപ്പിൻ്റെ സംസ്ഥാന സഹകരണ സംരംഭ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്ന 11 ഇനങ്ങളിൽ ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതി ഒന്നാം സ്ഥാനം നേടി. വിവിധതരം സാക്ഷ്യപത്രങ്ങൾക്ക് ഓരോ തവണയും അപേക്ഷിക്കേണ്ടിവരുന്ന അവസ്ഥ പരിഹരിക്കുന്നതിനാണ് ഡിജിറ്റൽ റവന്യൂ കാർഡ് എന്ന ആശയത്തിന് സംസ്ഥാന സർക്കാർ രൂപം നൽകിയത്. ഒരു എടിഎം കാർഡിൻ്റെ മാതൃകയിൽ ചിപ്പും QR കോഡും യൂണിക് നമ്പരും ഉൾപ്പെടുന്ന ഡിജിറ്റൽ റവന്യൂ കാർഡിൽ വ്യക്തിഗത വിവരങ്ങളും ഭൂമി സംബന്ധമായ വിവരങ്ങളും ലഭ്യമാകും.

&&&&&&&&&&&&&&&&&&

**വി എൻ വാസവൻ**

നാടിൻറെ വികസനത്തിൽ നബാർഡ് വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് മന്ത്രി വി എൻ വാസവൻ. നബാർഡിൻ്റെ 44-ാമത് സ്ഥാപകദിനാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ ഒപ്പം നിന്നത് നബാർഡ് ആണെന്നും ശ്രീ വി എൻ വാസവൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

**കീം - സുപ്രീംകോടതി**

കീം പരീക്ഷാഫലങ്ങളിൽ ഇടപെടിനാകില്ലെന്ന് വ്യക്തമാക്കി സുപ്രീംകോടതി. വ്യത്യസ്ത ബോർഡുകളുടെ മാർക്ക് ഏകീകരിക്കുന്നത് പരീക്ഷയ്ക്ക് ശേഷം മാറ്റാൻ കഴിയുമോ എന്ന നിയമപ്രശ്നം ഭാവിയിൽ പരിഗണിക്കുമെന്നും സുപ്രീം കോടതി അറിയിച്ചു. കീം പരീക്ഷാഫലം റദ്ദാക്കിയ കേരള ഹൈക്കോടതിയുടെ വിധി ചോദ്യം ചെയ്ത് വിദ്യാർത്ഥികൾ സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് സുപ്രീംകോടതി നിലപാട് വ്യക്തമാക്കിയത്. ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നിലപാട് അറിയിക്കണമെന്നും കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

RNUTVPM

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ ഇടുക്കി, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60-കിലോ മീറ്റർ വരെ ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് മുതൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**പട്ടയ വിതരണം(ഇൻട്രോ)**

കണ്ണൂർ ജില്ലയിലെ ധർമ്മടം, കല്യാശേരി, അഴീക്കോട് മണ്ഡലങ്ങളിലെ പട്ടയ വിതരണത്തിന്റെ ഉദ്ഘാടനം മന്ത്രി കെ. രാജൻ ഓൺലൈൻ ആയി നിർവഹിച്ചു. ആകെ 315 പട്ടയങ്ങളാണ് വിതരണം ചെയ്തത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ.**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**വയനാട് -കോഫി**

കേന്ദ്ര സർക്കാരിൻറെ 'ഒരു ജില്ല; ഒരു ഉൽപ്പന്നം' ദേശീയപുരസ്കാരം സ്വന്തമാക്കി കേരളത്തിലെ വയനാട് ജില്ല. കാർഷികവിളകളുടെ വിഭാഗത്തിൽ വയനാടൻ കാപ്പി പ്രത്യേക

RNUTVPM

പരാമർശം നേടി. വയനാടിൻറെ കാപ്പി പോലെ ആഗോളതലത്തിൽ എത്തിക്കാൻ കഴിയുന്ന നിരവധി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ രാജ്യത്തിനുണ്ടെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**കായകൽപ്പ് പുരസ്ക്കാരങ്ങൾ**

പ്രഥമ സംസ്ഥാന ആയുഷ് കായകൽപ്പ് അവാർഡുകൾ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. സംസ്ഥാന തലത്തിൽ ജില്ലാ ആശുപത്രി വിഭാഗത്തിൽ എറണാകുളം ജില്ലാ ആയുർവേദ ആശുപത്രി ഒന്നാം സ്ഥാനവും കൊല്ലം ജില്ലാ ആയുർവേദ ആശുപത്രി രണ്ടാം സ്ഥാനവും നേടി. ഹോമിയോപ്പതി വകുപ്പ് ജില്ലാ ആശുപത്രികളിൽ തൃശൂരും എറണാകുളവും ഒന്നും രണ്ടും സ്ഥാനങ്ങൾ വീതം കരസ്ഥമാക്കി. സർക്കാർ ആയുഷ് ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം, മാലിന്യ പരിപാലനം, അണുബാധാ നിയന്ത്രണം എന്നിവ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിനാണ് ആയുഷ് കായകൽപ്പ് പുരസ്ക്കാരം ഏർപ്പെടുത്തിയിരിക്കുന്നത്.

RNUTVPM

&&&&&&&&&&&&&&&&&&

**ഇ-മാലിന്യം-എം ബി രാജേഷ്.**

കഴിഞ്ഞ ഒരു വർഷത്തിൽ അറുപത്തി ആറായിരത്തിൽ പരം ടൺ മാലിന്യമാണ് ഹരിത കർമ സേന ശേഖരിച്ചതെന്ന് മന്ത്രി എം ബി രാജേഷ്. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിൻ്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം അമരവിളയിൽ നിർവഹിക്കുകയായിരുന്നു

അദ്ദേഹം. ഇ- മാലിന്യം നൽകിയാൽ തിരികെ പണം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**ശബരിമല**

കർക്കടക മാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിനു തുറക്കും. നാളെ പൂജകളൊന്നും ഉണ്ടാവില്ല. ഈ മാസം 17 ന് കർക്കടകം ഒന്നിന് രാവിലെ മുതൽ നട അടയ്ക്കുന്ന 21 വരെ എല്ലാ ദിനവും പതിവു പൂജകൾക്കൊപ്പം വിശേഷാൽ പൂജകളും നടക്കും. 21നു രാത്രി 10 നു നട അടച്ചാൽ ഈ മാസം 29 നു നിറപുത്തരി പൂജയ്ക്കായി നട വീണ്ടും തുറക്കും.

RNU TVPM

&&&&&&&&&&&&&&&&&&

**മിൽമ പാൽ വില**

മിൽമ പാൽ വില വർധന സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ അഞ്ചംഗ സമിതിയെ രൂപീകരിച്ചതായി മിൽമ ചെയർമാൻ കെ എസ് മണി. സമിതിയുടെ റിപ്പോർട്ടിന് ശേഷമായിരിക്കും പാൽവില വർദ്ധനയിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതെന്ന് ഇന്ന് ചേർന്ന മിൽമ ബോർഡ് യോഗത്തിന് ശേഷം അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

**എൻജിനീയറിംഗ് ഓപ്ഷൻ**

സംസ്ഥാനത്ത് 2025-26 അധ്യയന വർഷത്തെ എൻജിനിയറിംഗ് കോഴ്സുകളിലേക്ക് കേന്ദ്രീകൃത അലോട്ട്മെന്റിന് ഓപ്ഷനുകൾ

സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. സർക്കാർ/ എയ്ഡഡ്/ സ്വയംഭരണ എൻജിനിയറിംഗ് കോളേജുകളിലേക്കാണ് ഈ ഘട്ടത്തിൽ ഓപ്ഷനുകൾ ക്ഷണിച്ചത്. യോഗ്യത നേടിയ വിദ്യാർത്ഥികൾക്കു നാളെ രാവിലെ 11 മണിവരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM